ന്നതിന് ഉപഭോക്തൃ ചട്ടങ്ങളിൽത്തന്നെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1998-ലെ കേരള ഉപഭോക്തൃ ചട്ടങ്ങൾക്ക് പകരം പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ഡി) 31-12-2004-ൽ സംസ്ഥാന കമ്മീഷനിൽ 3793 കേസ്സുകളിലും ജില്ലാ ഫോറങ്ങളിൽ ആകെ 6,747 കേസുകളിലുമാണ് തീർപ്പ് കൽപ്പിക്കാനുള്ളത്. 2004 ഡിസംബറിലെ കണക്കനുസരിച്ച് സംസ്ഥാന കമ്മീഷനിൽ 80% കേസ്സുകളിലും ജില്ലാ ഫോറങ്ങളിൽ 95% കേസ്സുകളിലും തീർപ്പുകൽപ്പിക്കുകയുണ്ടായി. ഉപഭോക്തൃ തർക്ക പരിഹാര ഏജൻസികളിൽ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കേന്ദ്ര നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. ഇത് സംബന്ധിച്ച് വിശദമായ വ്യവസ്ഥകൾ പുതിയ കേരള ഉപഭോക്തൃ ചട്ടങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

11 [*215] ശ്രീ. വി. കെ. ചന്ദ്രൻ:
„ ടി. കെ. ബാലൻ:
„ വി. കെ. സി. മമ്മത് കോയ:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കാർഷികവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നിയമിക്കപ്പെട്ട ഡോക്ടർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ് ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(സി) ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഡി) ജൈവകൃഷി വികസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നെല്ല് സംഭരണത്തിന് 11.80 കോടി രൂപയും കുരുമുളക് സംഭരണത്തിനും കാപ്പി കർഷകർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനുംവേണ്ടി 10.00 കോടി രൂപയും അടയ്ക്ക സംഭരണത്തിന് 10.00 കോടി രൂപയും ഉൾപ്പെടെ മൊത്തം 31.80 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ വിലസ്ഥിരത നിലനിർത്തുന്നതിനുള്ള ഫണ്ടിൽ 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികവിളകളുടെ ഉൽപ്പാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2004-05 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുകയായ 66.36 കോടി രൂപ ഉൾപ്പെടെ 126.72 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ പ്രധാനമായും

LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷിക്ക് 18.80 കോടി രൂപയും തെങ്ങ് കൃഷിക്ക് 47.18 കോടി രൂപയും കുരുമുളക് വികസനത്തിന് 5.161 കോടി രൂപയും പച്ചക്കറി വികസനത്തിനായി 1.00 കോടി രൂപയും പഴവർഗ്ഗ വികസനത്തിനായി 1.85 കോടി രൂപയും സുഗന്ധവിളകൾക്കായി 1.50 കോടി രൂപയും ഔഷധസസ്യകൃഷി വികസനത്തിനായി 1.00 കോടിരൂപയും പുഷ്പകൃഷി വികസനത്തിനായി 2.628 കോടി രൂപയും പയർകൃഷിവികസനത്തിനായി 0.043 കോടി രൂപയും എണ്ണക്കുരു വികസനത്തിനായി 0.354 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഡോക്ടർ സ്വാമിനാഥൻ കമ്മീഷന്റെ അന്തിമ റിപ്പോർട്ട് സർക്കാരിന് 2003 ജനുവരിയിൽ ലഭിക്കുകയുണ്ടായി. സ്വാമിനാഥൻ കമ്മീഷൻ രണ്ടുതരത്തിലുള്ള ശുപാർശകളാണ് നൽകിയിരിക്കുന്നത്. കേന്ദ്രസർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും സംസ്ഥാന സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടവയും. കേന്ദ്രസർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകൾ കേന്ദ്രസർക്കാരിനു സമർപ്പിക്കുകയും, അവയിൽ തുടർനടപടി സ്വീകരിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കേണ്ട പല പ്രധാനപ്പെട്ട ശുപാർശകളിൻമേലും ഇതിനകംതന്നെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(1) സംസ്ഥാനതലത്തിൽ കാർഷിക വ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി, മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷയായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

(2) മേൽപ്പറഞ്ഞ സമിതിയെ സഹായിക്കാനായി സാമ്പത്തിക, ലോക വ്യാപാരകാര്യങ്ങളിൽ വിദഗ്ദ്ധയായ ഒരു ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ ഒരു ഡബ്ല്യു.ടി.ഒ. സെൽ രൂപീകരിച്ചു.

(3) കാർഷിക വ്യാപാര വിപണനരംഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി (Virtual University) സ്ഥാപിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

(4) ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധജൈവതാഴ്വര (ഹെർബൽ ബയോവാലി) രൂപീകരിക്കുന്നതിനു തുടക്കം കുറിച്ചു. ഇതിനുള്ള പദ്ധതി കയന്നുമതി മേഖലാപദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

(5) ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ (Geographical Indication) സംരക്ഷണം സംബന്ധിച്ച് ആലപ്പി-കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ സ്പൈസസ് ബോർഡുമായി ചേർന്ന് നടപടി എടുത്തുവരുന്നു.

(6) ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി തുടങ്ങി. ഇതിനായി ഒരു ഉന്നതതലസമിതി രൂപീകരിച്ച് പ്രവർത്തനരേഖ തയ്യാറാക്കി. ആദ്യനടപടിയായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(7) ഡോക്ടർ വി. എൻ. ചോപ്രാ കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശപ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി ടെലിവിഷനിലൂടെ കൃഷിവിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(8) പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും കയറ്റുമതി സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തെ 9 ജില്ലകളെ ഉൾപ്പെടുത്തി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലകൾക്ക് ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു.

(9) കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമസെൽ (Media Cell) രൂപീകരിച്ചു.

(10) സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതികവിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തിവയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കിവരുന്നു.

(11) എൻ.ഡി.സി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ഒരു ജന്തുരോഗ നിയന്ത്രണമേഖല ആക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(12) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

(13) മൽസ്യ ബന്ധനം സംബന്ധിച്ച് ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടുനയം രൂപപ്പെടുത്തി.

(14) വിനോദസഞ്ചാരമേഖലയിൽ ഇക്കോടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

(15) കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്താനായി കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

(16) കർഷകർക്ക് സാമ്പത്തികസഹായങ്ങൾ യഥാസമയത്ത് ലഭിക്കുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാതൃകയിൽ ഒരു വിലസ്ഥിരതഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) വാണിജ്യസുരക്ഷാപദ്ധതിക്കുവേണ്ടി 2004-05 വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സുസ്ഥിരമായ കാർഷിക വ്യാപാര സുരക്ഷാസംവിധാനം വികസിപ്പിച്ചെടുക്കാൻ വെർച്വൽ യൂണിവേഴ്സിറ്റി (Virtual University) സ്ഥാപിക്കുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം 100.00 ലക്ഷംരൂപ സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തികവർഷം 100.00 ലക്ഷംരൂപ സംസ്ഥാനവിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം നടീൽ വസ്തുക്കൾ, ജൈവവളം, ജൈവകീടനാശിനി തുടങ്ങിയവയ്ക്ക് സഹായധനം നൽകുക, ഇഞ്ചി, മഞ്ഞൾ കൃഷിക്ക് ഹെക്ടറിന് 4,000 രൂപയും വാഴ, പച്ചക്കറി, കൈതച്ചക്ക തുടങ്ങിയ കൃഷിക്ക് യഥാക്രമം ഹെക്ടറൊന്നിനു 15,000, 10,000, 5,000 രൂപ വീതം സഹായധനം നൽകുക, കർഷക ബോധവൽക്കരണ സെമിനാറുകൾ, ജില്ലാതല സെമിനാറുകൾ, ട്രെയിനിംഗുകൾ നടത്തുക എന്നിവയാണ് പ്രധാനഘടകങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly